

മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ
ഡിസൈനർ
+ബിൽഡർ
DESIGNER + BUILDER
2017 January | Vol. 14 | Issue 140 |
6 ബഡ്ജറ്റ് വീടുകൾ
ചെലവ് 10-28 ലക്ഷം പ്ലാൻ സഹിതം
ആർക്കിടെക്ചർ
ഹരിതഭംഗിയിലൊരു ചതുരവീട്
ആർക്കിടെക്റ്റ് സോനു ജോയ്
സെലിബ്രിറ്റി ഹോം
നടൻ കൈലാഷിന്റെ സ്വപ്നഭവനം
റെനവേഷൻ
വിളക്കിച്ചേർത്ത തിളക്കം
ഡിള എർത്ത്
ട്രെൻഡി ഫർണിച്ചർ ഡിസൈനുകൾ



ജീവിതം ഏറെ തിരക്കുകൾ നിറഞ്ഞതെങ്കിലും ജീവിക്കുന്നത് പ്രകൃതിയോടിണങ്ങിയാവണം എന്നതായിരുന്നു തൃശൂർ പെരിഞ്ഞനത്തുള്ള ഡോക്ടർ ദമ്പതിയായ സാനുവിന്റെയും ഷൈനിയുടെയും മക്കളുടെയും ആഗ്രഹം. പുതുതായി ഒരു വീടുവയ്ക്കുവാൻ തീരുമാനിച്ചപ്പോൾ കുടുംബത്തിന്റെ ആവശ്യങ്ങളും ഓരോരുത്തരുടേയും മനസ്സിലുള്ള ആഗ്രഹങ്ങളും, എല്ലാം മുൻകൂട്ടി കണ്ടുകൊണ്ടാണ് ഈ കുടുംബം ആർക്കിടെക്റ്റുമാരെ സമീപിച്ചത്. ''വീട്ടിലൊരു കൺസൾട്ടേഷൻ ഏരിയ നിർബന്ധം; എന്നു കരുതി അത് വീടിന്റെ സ്വകാര്യതയ്ക്ക് അലോസരമാവരുത് താനും. നിറയെ പച്ചപ്പും, വെളിച്ചവും ഉണ്ടാവണം. പച്ചക്കറിത്തോട്ടത്തിനും, ഫിഷ് പോണ്ടിനും, കാർപാർക്കിങ്ങിനും ഒക്കെ സ്ഥലം ഉണ്ടാവണം. വീടിന്റെ പുറംകാഴ്ചയും ആകർഷകമായിരിക്കണം'' തങ്ങളുടെ എല്ലാ ആവശ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വീടു വയ്ക്കാൻ ഈ കുടുംബം സമീപിച്ചത് തൃശൂരിൽ തൃപ്രയാറിലുള്ള ആർക്കിടെക്റ്റുമാരായ അനൂപ് ചന്ദ്രനേയും മനീഷ അനൂപിനേയുമാണ്. (അമാക് ആർക്കിടെക്റ്റ്സ് & ഇന്റീരിയേഴ്സ് & വാസ്തുകൺസൾട്ടന്റ്സ്). ഒരു കുടുംബത്തിലെ ഓരോരുത്തരുടേയും ഇഷ്ടങ്ങളും സ്വപ്നങ്ങളും ആവശ്യങ്ങളും എല്ലാം കൊരുത്തു ചേർത്ത് ആർക്കിടെക്റ്റുകൾ പണിതതൊരു ഹരിത സ്വപ്നഗേഹം തന്നെ.



# പച്ചയായ ജീവിതം പച്ചപ്പു നിറഞ്ഞ വീട്

**ദീപ മേനോൻ**

പുറംകാഴ്ചയിൽ യൂറോപ്യൻ ശൈലിയാണ് വീടിന്. ഗ്രേ, വൈറ്റ് കളർ തീമിലുള്ള സ്പ്ലിറ്റ് റൂഫോടു കൂടിയ മേൽക്കൂരയ്ക്ക് ഷിംഗിൾസാണ്. ജനാലകളുടെ വെള്ളനിറവും ശൈലീ പൂർത്തീകരണത്തിനു സഹായിക്കുന്നു




ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ &
ആർക്കിടെക്റ്റ് മനീഷ അനൂപ്









^ യൂറോപ്യൻശൈലിയെ അനുസ്മരിപ്പിക്കുന്ന പുറംകാഴ്ചയാണ് വീടിന്

## ആവശ്യങ്ങൾ പലത്

വാസ്തു നിയമങ്ങൾ പാലിച്ചാണ് വീടിന്റെ നിർമ്മാണം. 56 സെന്റ് സ്ഥലമുണ്ടായിരുന്നതിനാൽ പരിമിതികളൊന്നും നേരിടേണ്ടി വന്നില്ല. പ്ലോട്ടിന് വീട്ടുകാരുടെ ആവശ്യങ്ങളെല്ലാം യഥാവിധി നടപ്പിലാക്കുവാൻ വേണ്ട സ്ഥല വിസ്തൃതിയുണ്ടായിരുന്നു.

പുറംകാഴ്ചയ്ക്ക് യൂറോപ്യൻ ശൈലിയാണ്. ഗ്രേ, വൈറ്റ് കളർ തീമിലുള്ള സ്പ്ലിറ്റ് റൂഫോടു കൂടിയ വീടിന് ഷിംഗിൾസാണ് മേൽക്കൂരയിൽ നൽകിയിരിക്കുന്നത്. ജനാലകളുടെ തടിക്ക് വെള്ള പെയിന്റു നൽകിയിരിക്കുന്നതും വിദേശ ശൈലി പ്രതിബിംബിക്കണം എന്ന  ലക്ഷ്യമിട്ടു തന്നെയാണ്. ഒരു നേർരേഖയിൽ മൂന്നു ഭാഗങ്ങളായിട്ടാണ് മേൽക്കൂര ദൃശ്യമാവുക. വീടിന്റെ മുന്നിലും പുറകിലും നൽകിയിരിക്കുന്ന ബാൽക്കണികൾ ഗാർഡന്റെ ധർമ്മം കൂടി നിർവ്വഹിക്കുന്നുണ്ട്. കാർപോർച്ചിന്റെ സ്ഥാനം വീടിന്റെ മുന്നിൽ നിന്നും മാറ്റി ഒരു വശത്തായി ഗ്യാരേജ് മാതൃകയിൽ ചെയ്തിരിക്കുന്നു. വീട്ടിൽ എത്തുന്ന രോഗികൾക്ക് വീടിന്റെ സ്വകാര്യ ഏരിയയിലേക്ക് വരാതെ തന്നെ ഒരേ കോംപൗണ്ടിൽ ഉള്ള കൺസൾട്ടേഷൻ ഏരിയയിലേക്ക് പോകുവാൻ കഴിയും വിധം പ്രത്യേകം പ്രവേശനമാർഗ്ഗം ഉണ്ട്. ഇത്തരത്തിൽ സോൺ തിരിച്ചുള്ള ഏരിയകളാണ് ഈ വീടിന്റെ മറ്റൊരു സവിശേഷത.





^
ഡബിൾഹൈറ്റിലാണ്
ലിവിങ് ഏരിയയുടെ
ഡിസൈൻ



< അകത്തളങ്ങളിൽ
എങ്ങും കാഴ്ചവി
രുന്ന് ഒരുക്കുന്ന
കോർട്ട്യാർഡ്

## ഹരിതാഭയോടെ അകത്തളം

ലാൻഡ്സ്കേപ്പിന്റെ ഭംഗിയാസ്വദിക്കാൻ കഴിയുന്ന വരാന്ത വഴി വീടിനുള്ളിലേക്ക് പ്രവേശിക്കുമ്പോൾ പുറത്തെ പച്ചപ്പും നമുക്കൊപ്പം അകത്തേക്ക് വന്നുവോ എന്ന് സംശയിച്ചു പോകും. അത്തരത്തിലാണ് അകത്തളങ്ങളുടെ ഹരിത ഭംഗിയും ഡിസൈൻ ശൈലിയും. വലിയൊരു ഡബിൾ ഹൈറ്റ് ഏരിയയിലേക്കാണ് പ്രവേശിക്കുന്നത്. തുറന്ന നയത്തിലാണ് ഇന്റീരിയർ. ഇരുവശങ്ങളിലുമായി രണ്ട് വലിയ കോർട്ട്യാർഡുകൾ. വലതുവശത്തുള്ള കോർട്ട്യാഡിൽ ഫൗണ്ടനും ഫിഷ് പോണ്ടും ജല സാന്നിധ്യം



നിറയ്ക്കുമ്പോൾ ഇടതുവശത്തുള്ളതിൽ നിറഞ്ഞിരിക്കുന്നത് ഹരിതാഭയാണ്. ഫാമിലി ലിവിങ്ങിന്റെ ഭാഗമായി നൽകിയിരിക്കുന്ന വെർട്ടിക്കൽ ഗാർഡനാണ് മറ്റൊരു ആകർഷണം. ഇതിനെല്ലാം പുറമെ ഡൈനിങ്, വാഷ് ഏരിയ എന്നിവിടങ്ങളിൽ നൽകിയിരിക്കുന്ന വലിയ ഡോർ കം വിൻഡോകൾ വഴിയും ജനാലകൾ വഴിയും ലാൻഡ്സ്കേപ്പിന്റെ കാഴ്ച ഉള്ളിലേക്ക് വിരുന്നിനെത്തുന്നുണ്ട്. വീടിന്റെ ഏതൊരു മുറിയിൽ നിന്നാലും ഏതെങ്കിലുമൊരു ഗ്രീൻസ്പേസിലേക്ക് നോട്ടമെത്തുന്നുണ്ട്. നാചറൽ ലൈറ്റ് കടന്നു വരുവാൻ പാകത്തിനാണ് കോർട്ട്യാർഡിന്റെ ഡിസൈൻ.

^ പച്ചപ്പിന്റെ കാഴ്ചകൾക്ക് അകത്തളങ്ങളിലെമ്പാടും സ്ഥാനമുണ്ട്.



< മുകൾനിലയുമായി ആശയവിനിമയം സാധ്യമാകുന്ന വിധമാണ് ഓരോ ഇടവും



വാഷ് ഏരിയ പച്ചപ്പിന്റെ >
കാഴ്ചകളുമായി



^
ഡൈനിങ്, ഫാമിലി
ലിവിങ് ഏരിയകളിൽ
കാഴ്ചവിരുന്നൊരുക്കുന്ന
വെർട്ടിക്കൽ ഗാർഡൻ

അകത്തളം പൊതുവേ ബ്ലാക്ക് & വൈറ്റ് നിറങ്ങളുടെ ചേരുവയിലാണ്. നാചറൽ ലൈറ്റ് കൂടി ചേരുമ്പോൾ ഉള്ളിലെ വെൺമ ഇരട്ടിയാവുന്നു. വെൺമക്കിടയിലെ പച്ച പ്പ് വീട്ടിലാകെ പോസിറ്റീവ് എനർജി നിറയ്ക്കുന്നു.

ഡൈനിങ്ങും തുറന്ന അടുക്കളയും അല്പം ഉള്ളിലേക്കൊതുങ്ങി കുറച്ചൊരു സ്വകാ ര്യതയോടെയാണ്. പുറത്തെ കാഴ്ചകളും, പ്രകാശവും എല്ലാം ഇവിടേക്കുമെത്തുന്നു. ഡൈനിങ്ങിനു പുറത്ത് വരാന്തയിലാണ് വാഷ് ഏരിയ. പിന്നിലെ വരാന്തയുടെയും പച്ചപ്പിന്റെയും കാഴ്ചകളെ വാഷ് ഏരിയയിൽ എത്തിച്ചിട്ടുണ്ട്. ഡ്രൈ, വെറ്റ് കിച്ചൻ എന്ന രീതിയിലാണ് രണ്ട് അടുക്കളകൾ സ്ഥാപിച്ചിരിക്കുന്നത്. വെറ്റ് കിച്ചനിലാണ് ദിവസേനയുള്ള ജോലികൾ. ഡ്രൈ കിച്ചനെ തുറസ്സായ രീതിയിൽ ഡൈനിങ്ങുമായി ബന്ധിപ്പിച്ചിരിക്കുന്നു.





^
സെമി ക്യാന്റിലിവർ മാതൃകയിലുള്ള സ്റ്റെയർകേസ്

^
അപ്പർ ലിവിങ്, ഹോംതീയേറ്റർ എന്നിവിടങ്ങളിൽ നിന്നുപോലും താഴെ നിലയിലെ പച്ചപ്പിലേക്ക് നോട്ടമെത്തുന്നു.

ഫാമിലി ഏരിയകളുടെ ഭാഗത്തുനിന്നുമാണ് മുകളിലേക്കുള്ള സ്റ്റെയർകേസ്. സെമി ക്യാന്റിലിവർ മാതൃകയിലാണ് സ്റ്റെയർകേസ്. വെർട്ടിക്കൽ ഗാർഡനാണ് ഇവിടുത്തെ മുഖ്യാകർഷണം. ഈ ഗാർഡന്റെ സാന്നിധ്യം ഡൈനിങ്ങിലും ഫാമിലി ഏരിയയിലുമുണ്ട്. ഡബിൾ ഹൈറ്റിലാണിതിന്റെ ഡിസൈൻ. അകത്തെ പച്ചപ്പു നിറഞ്ഞ കോർട്ട്യാർഡിനു സമീപം ഒരു മെസനിൻ ഫ്ളോർ തീർത്ത് അവിടെയാണ് കുട്ടികളുടെ സ്റ്റഡി ഏരിയയ്ക്ക് സ്ഥലം നൽകിയിരിക്കുന്നത്. വീടിനുള്ളിലെയും പുറത്തെയും കാഴ്ചകൾ ഇവിടേക്ക് എത്തുന്നുണ്ട്.

## പരസ്പര ബന്ധിതം

അപ്പർലിവിങ് ഏരിയ ഒരു ഹാളിന്റെ പ്രതീതിയോടെയാണ്. താഴത്തെ നിലയിലെ കാഴ്ചകൾ ഇവിടേയ്ക്കുമെത്തിച്ചിരിക്കുന്നത് ഗ്ലാസ് ഫ്ളോറിങ് നൽകിക്കൊണ്ടാണ്. കൂടാതെ ഡബിൾ ഹൈറ്റിലുള്ള വെർട്ടിക്കൽ ഗാർഡൻ കൂടി ചേരുമ്പോൾ അപ്പർലിവിങ്ങിലും കൗതുകത്തിനും ഹരിതഭംഗിക്കും കുറവൊന്നുമില്ല.


മാസ്റ്റർ ബെഡ്റൂമും, മകളുടെ കിടപ്പുമുറിയും താഴെ നിലയിലും ഗസ്റ്റ് ബെഡ്റൂമും, മകന്റെ മുറിയും മുകൾനിലയിലുമാണ്. ഓരോ കിടപ്പുമുറികൾക്കും ഓരോ കളർ തീം തെരഞ്ഞെടുത്തത് വീട്ടുകാരുടെ പ്രത്യേക നിർദ്ദേശ പ്രകാരമാണ്. മാസ്റ്റർ ബെഡ്റൂമിന്റെ സവിശേഷത സ്വകാര്യമായൊരു കോർട്ട്യാർഡ് കൂടിയുണ്ട് ഇതിന് എന്നതാണ്. മകളുടെ മുറിയുടെ ഹൈലൈറ്റ് അതിന്റെ നാചറൽ ഫീലുള്ള ബാത്റൂമാണ്. ബാൽക്കണികളാണ് മകന്റെ മുറിക്കും ഗസ്റ്റ് റൂമിനും ശ്രദ്ധ നൽകുന്നത്.

ബ്ലാക്ക് & വൈറ്റ് കളർതീമും ഇരിപ്പിട സൗകര്യമുള്ള ജനാലയും മകളുടെ കിടപ്പുമുറിക്ക് ചന്തം നൽകുന്നു
v


ഇരിപ്പിടസൗകര്യങ്ങളോടെ മാസ്റ്റർ ബെഡ്റും
v









Ground Floor




First Floor

| PROJECT DETAILS | |
|---|---|
| Architects | Ar.Anoop Chandran<br>Ar.Maneesha Anoop<br>Amac Architects,<br>Interiors & Vasthu Consultants<br>Triprayar, Nattika,<br>Trissure -680566, Ph: 9995000222 |
| Owner | Dr.Sanu& Dr.Shini<br>Perinjanam, Trissur-680686<br>Ph:9447474635 |
| Location | Perinjanam |
| Year of Completion | 2015 |
| Site Area | 56 Cent |
| Built Area | 5200 Sqft |
| Structural Engineer/Civil Engineer | S. R. Associates Trissur<br>Ph:9447038078 |
| Project Contractor | Kunjumuhammed<br>Ph: 944736415 |
| Interior Designer/ Interior Contractor | Top Vew<br>Ph: 9946645454 |
| Plumbing consultant/Firm | Edge Consultant, Ph: 9995373660 |
| Landscaping consultant/ Landscaping Contractor | Planet Green,<br>Ph: 9495516295 |
| Painting | Suresh, 812981985 |
| Roofing | Anil K N-9496840309 |
| Staircase/Railing | Alguard, 9388085054 |

ബാൽക്കണിയോടു കൂടി
മകന്റെ കിടപ്പുമുറി
V



